(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(സി) പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവായ തുക എത്രയാണെന്നും, പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ സാങ്കേതിക പ്രശ്നങ്ങൾ ഉൾക്കൊണ്ട് പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2016 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ബി.എസ്.എൻ.എൽ.-ൽ നിന്നും ആവശ്യമായ പി.റ്റി.സി.സി. അനുമതി ലഭിക്കാത്തതാണ് കാരണം.

(സി) പദ്ധതി പ്രവർത്തനങ്ങൾക്കായി മൊത്തം 60.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. റോഡ് വീതി കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കെ.എസ്.റ്റി.പി. നിർമ്മിക്കുന്ന duct-lൂടെ ഭൂഗർഭ കേബിളുകൾ മാറ്റി സ്ഥാപിക്കുന്നതോടുകൂടി നിലവിലുള്ള തടസ്സങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം

46 (4037) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസുകളിലുമുള്ള ഉപഭോക്താക്കളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഓരോ സെക്ഷൻ ഓഫീസുകളിലും ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ നിലവിലുണ്ട്; പ്രസ്തുത അപേക്ഷകർക്ക് എപ്പോൾ കണക്ഷൻ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

ഉത്തരം

(എ)

സെക്ഷൻ	ഉപഭോക്താക്കളുടെ എണ്ണം
എഴുകോൺ	13955
വെളിയം	19060
കൊട്ടാരക്കര (വെസ്റ്റ്)	15358

LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കര (ഈസ്റ്റ്)	12840
കുളക്കട	9082
പുത്തൂർ	16704
വാളകം	15932
ചെങ്ങമനാട്	15188

(ബി) 10-12-2014-ലെ കണക്ക് പ്രകാരം പൂർണ്ണമായ അപേക്ഷ നൽകിയ എല്ലാവർക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ

47 (4038) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങലിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണത്തിന് കഴിഞ്ഞ ഗവൺമെന്റ് അനുമതി നൽകി തറക്കല്ലിടൽ നടത്തിയതിന് ശേഷം പ്രസ്തുത പദ്ധതി ഉപേക്ഷിയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ വലിയ നഗരവും, സ്പെഷ്യൽ ഗ്രേഡ് പദവിയുമുള്ള ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷന്റെ ആവശ്യകത സംബന്ധിച്ച് ബഹു. മന്ത്രിയ്ക്ക് നിവേദനങ്ങൾ സമർപ്പിച്ചിരുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വ്യക്തമാക്കാമോ ;

(സി) വളരെ കൂടുതൽ വൈദ്യുത ഉപഭോക്താക്കൾ ഉൾപ്പെടുന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ എസ് ഇ ബി സബ് സ്റ്റേഷൻ സ്ഥാപിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ, വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ആറ്റിങ്ങലിൽ ഒരു 110 കെ.വി. സബ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ആറ്റിങ്ങലിലും പരിസര പ്രദേശങ്ങളിലും വൈദ്യുതി വിതരണം നടത്തുന്നത് ഈ സബ് സ്റ്റേഷനിൽ നിന്നുമാണ്. പുതുതായി ഒരു 33 കെ.വി. സബ് സ്റ്റേഷൻകൂടി നിർമ്മിക്കുന്നതിന് പ്രാരംഭ പഠനങ്ങൾ നടത്തി തറക്കല്ലിട്ടിരുന്നു. എന്നാൽ നിലവിലുള്ള ലൈനിന്റെയും സബ് സ്റ്റേഷന്റെയും ശേഷിയും വൈദ്യുതി ആവശ്യകതയും ചേർത്ത് നടത്തിയ വിശദമായ പഠനത്തിൽ (load flow study) നിലവിലുള്ള സബ് സ്റ്റേഷൻതന്നെ പര്യാപ്തമാണ് എന്ന് കണ്ടതിനാൽ ഈ സബ് സ്റ്റേഷന്റെ തുടർ പ്രവർത്തനങ്ങൾ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. വൈദ്യുതി ആവശ്യകതയിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് ഭാവിയിൽ പുതിയ സബ് സ്റ്റേഷന്റെ നിർമ്മാണം വിശദമായ സാധ്യതാപഠനത്തിന് വിധേയമായി പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly